"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് -കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL) - 24000 MTവനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ വെട്ടിയെടുക്കുന്നതിനും ഉടമ്പടി കരാറിൽ ഏർപ്പെടുന്നതിനും അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.468/2022/F&WLD തീയതി,തിരുവനന്തപുരം, 03-11-2022

പരാമർശം:-

1. സ.ഉ (കൈ) 37/2022/വനം നമ്പർ തീയ്യതി 02/07/2022.
2. സ.ഉ (കൈ) 48/2022/വനം നമ്പർ തീയ്യതി 24/02/2022.
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) - ന്റെ 05.09.2022 ലെ പ്രൊ(4) -246993/22 നമ്പർ കത്ത്.

**ഉത്തരവ്**

KPPL-ന്റെ സുഗമമായ പ്രവർത്തനത്തിനായി 24,000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ പരാമർശം(1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ ടി അസംസ്കൃത വസ്തുക്കൾ KPPL-ന് അനുഭവവേദ്യമാകുന്നതിന് KPPL-മായി കരാറിൽ ഏർപ്പെടേണ്ടതുണ്ടെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, KPPL മായി കരാറിൽ ഏർപ്പെടുന്നതിന് കാലതാമസം ഉണ്ടാകുമെന്നുള്ളതിനാൽ, KPPL-ന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി M/s KPPL - ലും വനം വന്യജീവി വകുപ്പും തമ്മിൽ അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുവരെ അന്തിമ കരാറിലെ ഉപാധികളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ, 24000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച ഒരു മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ വെട്ടിയെടുക്കുന്നതിന് KPPL-ന് അനുമതി

നൽകുന്നതിനും, ഒരു ഉടമ്പടി കരാറിൽ ഏർപ്പെടുന്നതിനും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) ന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ravindran C
Date: 03-11-2022 16:26:02
സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന്/നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്.